**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2288** | **21-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിന് ശേഷം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്/സ്കൂട്ടനി ഫീസ്, വിനോദ നികുതി എന്നിവ പരിഷ്കരിച്ചിട്ടുണ്ട്.<br><br>22/03/2023 ലെ സ. ഉ(കൈ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും, നിയമ (നിയമനിർമ്മാണ-എ) വകുപ്പിന്റെ 28/03/2023-ലെ 15(2)/ലെഗ്.എ2/2023/നിയമം നമ്പർ വിജ്ഞാപന പ്രകാരവും 01/04/2023 ന് മുൻപ് നികുതി നിശ്ചയിച്ച കെട്ടിടങ്ങൾക്ക് ഈടാക്കിക്കൊണ്ടിരുന്ന വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ, 05/04/2023 ലെ സ.ഉ(അ) നം. 25/2023/തസ്വഭവ, 05/04/2023 ലെ സ.ഉ(അ) നം. 26/2023/തസ്വഭവ നമ്പർ വിജ്ഞാപനങ്ങൾ പ്രകാരം 01/04/2023 മുതൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഉപയോഗക്രമമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുക്കിയ നികുതി നിരക്കുകൾ ബാധകമാക്കിയിട്ടുണ്ട്.<br><br>31/03/2023 തീയതിയിലെ സ.ഉ.(കൈ)നം.85/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്/സ്കൂട്ടനി ഫീസ് എന്നിവ പരിഷ്കരിച്ചിട്ടുള്ളതാണ്.<br><br>31-01-2024 തീയതിയിലെ സ.ഉ.(കൈ)നം.17/2024/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് വിനോദ നികുതി ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്. |
| (ബി) | 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ തനത് വരുമാനത്തെ സംബന്ധിച്ച് പരിശോധന | (ബി) | 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ തനത് വരുമാനം സംബന്ധിച്ച് സഞ്ചയ, കെ-സ്മാർട്ട് പോർട്ടലുകൾ വഴി പരിശോധനകൾ നടത്തിയിട്ടുണ്ട്. |

<table>
<tr><td></td><td>നടത്തിയിട്ടുണ്ടോ;<br>വിശദമാക്കാമോ;</td><td></td><td></td></tr>
<tr><td>(സി)</td><td>2018-19 മുതൽ 2022-2023 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും തനത് വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?</td><td>(സി)</td><td><table>
<tr><th>വർഷം</th><th>കോർപ്പറേഷൻ<br>(In Rs)</th><th>മുനിസിപ്പാലിറ്റി<br>(In Rs)</th><th>പഞ്ചായത്ത്<br>(In Rs)</th></tr>
<tr><td>2018-19</td><td>4972504652</td><td>5043881030</td><td>7064173525</td></tr>
<tr><td>2019-20</td><td>5051761793</td><td>4949509538</td><td>6648630119</td></tr>
<tr><td>2020-21</td><td>3920648298</td><td>4858683882</td><td>6706506719</td></tr>
<tr><td>2021-22</td><td>5327554323</td><td>5394005048</td><td>7911099812</td></tr>
<tr><td>2022-23</td><td>5754827079</td><td>6460760473</td><td>9559082083</td></tr>
<tr><td></td><td></td><td></td><td></td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ